# ശുചിത്വകേരളം

വാർത്താപത്രിക

പുസ്തകം 1 • ലക്കം 3
മാർച്ച് 2017

ശുചിത്വമിഷൻ • തദ്ദേശസ്വയംഭരണവകുപ്പ് • കേരളസർക്കാർ

മാസപ്പതിപ്പ്

## നഗരപ്രദേശങ്ങളും വെളിയിടവിസർജ്ജന വിമുക്തിയിലേക്ക്

കഴിഞ്ഞ കേരളപ്പിറവി ദിനത്തിൽ സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളാകെ വെളിയിട വിസർജ്ജന മുക്തമായി (ഒ.ഡി.എഫ്) പ്രഖ്യാപിക്കപ്പെട്ടു. ഗ്രാമപ്രദേശങ്ങൾ മാത്രമല്ല നഗരപ്രദേശങ്ങളും ഈ ലക്ഷ്യം കൈവരിച്ചാൽ മാത്രമേ സമ്പൂർണ്ണ വെളിയിട വിസർജ്ജന മുക്തമെന്ന പദവി കേരളത്തിന് സ്വന്തമാക്കാൻ സാധിക്കുകയുള്ളൂ. സംസ്ഥാനത്തെ എല്ലാ നഗരപ്രദേശങ്ങളും ഈ വർഷം മാർച്ച് 31 ന് മുമ്പ് ഒ.ഡി.എഫ് കൈവരിക്കണമെന്നാണ് സർക്കാർ ലക്ഷ്യമിടുന്നത്. ശുചിമുറികൾ ഇല്ലാത്തവർക്ക് പുതിയ ശുചിമുറികൾ നിർമ്മിച്ചു നൽകിയാണ് ഗ്രാമപ്രദേശങ്ങളിൽ ഒ.ഡി.എഫ് സമ്പൂർണ്ണത കൈവരിച്ചതെങ്കിൽ നഗര പ്രദേശങ്ങളിൽ നാം ഒരു പടികൂടി മുന്നോട്ട് പോകേണ്ടതുണ്ട്. ശുചിത്വം പാലിക്കാത്ത തരത്തിൽ കക്കൂസ് മാലിന്യങ്ങൾ നദികളിലും, മറ്റു ജലാശയങ്ങളിലും തുറന്നു വിടുന്ന പതിവ് നഗര പ്രദേശങ്ങളിൽ കണ്ടു വരുന്നുണ്ട്. ഇത് ഒഴിവാക്കി ഇത്തരം ശുചിമുറികളെ ശുചിത്വം പാലിക്കുന്ന തരത്തിൽ മാറ്റിയെടുക്കേണ്ടതുണ്ട്. 93 നഗരസഭകളിലായി പുതിയതും മാറ്റം വരുത്തേണ്ടതുമായി 31397 ശുചിമുറികളാണ് നഗരസഭാ ഒ.ഡി.എഫ് ക്യാമ്പയിനിന്റെ ഭൗതിക ലക്ഷ്യം. നഗര സഭയിലെ ഓരോ വാർഡും ആതാത് പ്രദേശത്തെ ലക്ഷ്യം നിറവേറ്റി ഒ.ഡി.എഫ് ആയി സ്വയം പ്രഖ്യാപിക്കുകയാണ് ആദ്യ പടി. തുടർന്ന് നഗരസഭകളും ഒ.ഡി.എഫ് പ്രഖ്യാപനം നടത്തണം. കേന്ദ്ര നഗരവികസന മന്ത്രാലയത്തിന് വേണ്ടി ക്വാളിറ്റി കൗൺസിൽ ഓഫ് ഇൻഡ്യയെയാണ് (ക്യൂ.സി.ഐ) ഒ.ഡി.എഫ് പരിശോധനകൾക്കായി നിയോഗിച്ചിട്ടുള്ളത്. ഒ.ഡി.എഫ് പ്രവർത്തനവുമായി ബന്ധപ്പെട്ട സിറ്റി പ്രൊഫൈൽ ലഭിക്കുന്ന മുറക്ക് കൗൺസിൽ ഓരോ പ്രദേശത്തും പരിശോധന നടത്തും. പരിശോധനാവേളയിൽ വാർഡിലെ മുഴുവൻ ജനങ്ങളും ശുചിമുറികൾ ഉപയോഗിക്കുന്നുണ്ടെന്ന് വാർഡ് കൗൺസിലറും, വിദ്യാലയങ്ങളിൽ കുട്ടികൾ മുഴുവനും ശുചിമുറികൾ ഉപയോഗിക്കുന്നുണ്ടെന്ന് പ്രഥമ അധ്യാപകനും, സ്വയംസഹായ സംഘാംഗങ്ങൾ മുഴുവനും ശുചിമുറികൾ ഉപയോഗിക്കുന്നുണ്ടെന്ന് അവരും സാക്ഷ്യപ്പെടുത്തിയ രേഖ ക്യൂ.സി.ഐ അധികാരികൾക്ക് നൽകേണ്ടതുണ്ട്. ഇത്തരത്തിൽ ചിട്ടയായ പ്രവർത്തനങ്ങളിലൂടെ നഗരസഭകളെ വെളിയിട വിസർജ്ജന മുക്തമാക്കാനുള്ള യജ്ഞത്തിൽ പങ്കാളികളാകാൻ പ്രദേശ വാസികളും, സന്നദ്ധ സംഘടനകളും, സ്ഥാപനങ്ങളുമെല്ലാം മുന്നോട്ട് വരേണ്ടതുണ്ട്. ഈ വർഷം മാർച്ച് 31 ന് മുമ്പു തന്നെ നഗര പ്രദേശങ്ങളിലും ഒ.ഡി.എഫ് പ്രഖ്യാപിച്ച് കേരളത്തെ സമ്പൂർണ്ണ വെളിയിട വിമുക്ത സംസ്ഥാനമാക്കി മാറ്റിയെടുക്കേണ്ട ചുമതലയാണ് നമ്മിൽ നിക്ഷിപ്തമായിട്ടുള്ളത്. ആ ലക്ഷ്യം നിറവേറ്റാനുള്ള യജ്ഞത്തിൽ നമുക്കേവർക്കും പങ്കാളികളാകാം.



**ഡോ. കെ. വാസുകി ഐ.എ.എസ്.**
ചീഫ് എഡിറ്റർ

## നൂതന വികസന പദ്ധതിക്കുള്ള അവാർഡ് ശുചിത്വമിഷൻ ഏറ്റുവാങ്ങി




*നൂതന വികസന പദ്ധതിക്കുള്ള അവാർഡ് മുഖ്യമന്ത്രിയിൽ നിന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ. വാസുകി ഏറ്റുവാങ്ങുന്നു.*

ശുചിത്വമിഷന്റെ ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനത്തിന് മുഖ്യമന്ത്രിയുടെ 2015 ലെ അവാർഡ് ലഭിച്ചു. 5 ലക്ഷം രൂപയും പ്രശസ്തി പത്രവും സർട്ടിഫിക്കറ്റുകളും അടങ്ങുന്ന അവാർഡ് കഴിഞ്ഞ ഫെബ്രുവരി 13 ന് സെക്രട്ടറിയേറ്റ് ദർബാർ ഹാളിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി സമ്മാനിച്ചു. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ. വാസുകി അവാർഡ് ഏറ്റുവാങ്ങി. പൊതുജന സേവനങ്ങളിൽ നവപ്രവർത്തനങ്ങൾ നടത്തുന്ന സർക്കാർ സർക്കാരിതര സംഘടനകളെയും സ്ഥാപനങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനാണ് സംസ്ഥാന സർക്കാർ അവാർഡ് ഏർപ്പെടുത്തിയിട്ടുള്ളത്. ഈ മേഖലയിലെ 2015 ലെ അവാർഡാണ് 'ഗ്രീൻ പ്രോട്ടോക്കോൾ' എന്ന ആശയം പ്രാവർത്തികമാക്കിയതിന് ശുചിത്വമിഷൻ നേടിയത്. സംസ്ഥാന ഗവൺമെന്റിനു വേണ്ടി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ (IMG) നേതൃത്വത്തിലുള്ള വിദഗ്ദ്ധ സമിതിയാണ് അവാർഡിനായുള്ള സ്ഥാപനങ്ങളെ തെരഞ്ഞെടുത്തത്. മുഖ്യമന്ത്രിയുടെ അവാർഡ് ലഭിച്ചതിലൂടെ ശുചിത്വമിഷൻ മറ്റൊരു അംഗീകാരത്തിനുകൂടി അർഹമായിരിക്കുകയാണ്.

**ശുചിത്വകേരളം കൂട്ടായ്മയിലൂടെ**

# മാലിന്യസംസ്കരണത്തിന് ജനകീയക്യാമ്പയിൻ



*ശുചിത്വമിഷന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് നടന്ന ജനകീയ ക്യാമ്പയിനിൽ നിന്ന്*

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രചാരണ പ്രവർത്തനങ്ങൾ, കർമ്മ പദ്ധതികൾ എന്നിവ രൂപപ്പെടുത്തുന്നതിനായി സംസ്ഥാനതല കീ റിസോഴ്സ് പേഴ്സൺമാരുടെ ശില്പശാല സംഘടിപ്പിച്ചു. ഫെബ്രുവരി 22 ന് തിരുവനന്തപുരത്ത് വനശ്രീ ഓഡിറ്റോറിയത്തിലാണ് ശിൽപശാല നടന്നത്. മാലിന്യ സംസ്കരണം സംബന്ധിച്ച വിവിധ ക്യാമ്പയിനുകളുടെ അന്തിമ രൂപരേഖ തയ്യാറാക്കുക, ജില്ലാതലത്തിലും, തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലുമുള്ള റിസോഴ്സ് പേഴ്സൺമാർക്ക് നൽകേണ്ട പരിശീലനത്തിന് കർമ്മ പദ്ധതി തയ്യാറാക്കുക, ശാസ്ത്രീയ മാലിന്യ പരിപാലനത്തിൽ പരിശീലനം നൽകുക എന്നീ ഉദ്ദേശ്യങ്ങളോടെയാണ് സംസ്ഥാനതല കീ റിസോഴ്സ് പേഴ്സൺമാർക്കായി ശിൽപശാല സംഘടിപ്പിച്ചത്. ശില്പശാലയിൽ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.കെ.വാസുകി മുഖ്യപ്രഭാഷണം നടത്തി. ഹരിതകേരളം ടെക്നിക്കൽ അഡ്വൈസർ ഡോ.ആർ.അജയകുമാർ വർമ്മ, ശുചിത്വമിഷൻ ഡയറക്ടർ (ഓപ്പറേഷൻസ്) ശ്രീ.സി.വി.ജോയ്, ശുചിത്വമിഷൻ സീനിയർ കൺസൾട്ടന്റ് പി.കേശവൻ നായർ, പ്രോഗ്രാം ഓഫീസർ അമീർഷാ എന്നിവർ ശില്പശാല നയിച്ചു. ഹരിതകേരളം മിഷന്റെ ഭാഗമായി ശുചിത്വമിഷൻ ഏറ്റെടുക്കുന്ന പ്രധാന മേഖലകളിലെ ശുചിത്വ പരിപാലന പരിപാടികളെക്കുറിച്ച് ശിൽപശാല ചർച്ച ചെയ്തു. ഖരമാലിന്യ സംസ്കരണം, ദ്രവമാലിന്യ സംസ്കരണം, അടുക്കള മാലിന്യത്തിന്റെ ശാസ്ത്രീയ പരിപാലനം, അറവുശാലകൾ സ്ഥാപിക്കൽ, ശുചിത്വം സംബന്ധിച്ചുള്ള ഐ.ഇ.സി പരിപാടികൾ എന്നിവ ചർച്ചാവിഷയങ്ങളായിരുന്നു. ത്രിതല പഞ്ചായത്ത് - നഗരപാലിക സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥൻമാർക്കും പരിശീലനം നൽകുമ്പോൾ തയ്യാറാക്കേണ്ട പരിശീലന സഹായിക്ക് ശിൽപശാല അന്തിമരൂപം നൽകി. തുടർന്ന് നടന്ന പാനൽ ചർച്ചയിൽ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട അന്തിമ രൂപരേഖയും പരിശീലന കർമ്മപദ്ധതിയുടെ കരടും തയ്യാറാക്കി.

# "ജീവനം പറപ്പൂർ"
## ശുചിത്വപദ്ധതികൾക്ക് മാതൃകയാവുന്നു

ഇന്ത്യൻ സ്വാതന്ത്ര സമര ചരിത്രത്തിലും സാംസ്കാരിക രംഗത്തും കാർഷികരംഗത്തും വ്യത്യസ്തത പുലർത്തുന്ന ഒരു ഗ്രാമപഞ്ചായത്താണ് മലപ്പുറം ജില്ലയിലെ പറപ്പൂർ.

പറപ്പൂർ പഞ്ചായത്തിനെ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യം മുൻനിറുത്തി ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കിയ സ്വപ്ന പദ്ധതിയാണ് ''ജീവനം പറപ്പൂർ'' വിഭാഗീയ ചിന്തകൾക്ക് അതീതമായി നാട്ടിലെ ജനങ്ങൾ മുഴുവൻ ഒരേ മനസ്സോടെ ഏറ്റെടുത്തതിന്റെ ഫലമായി ''ജീവനം പറപ്പൂർ'' പ്രാവർത്തികമാവുകയും ഒരു ജനസൗഹൃദ പരിപാടിയായി മാറുകയും ചെയ്തു.

സംസ്ഥാന ശുചിത്വമിഷന്റെ സേവന ദാതാവായ കോട്ടക്കൽ ആസ്ഥാനമായുള്ള ''എക്കോ ഗ്രീൻ കേരള'' യുടെ നേതൃത്ത്വവും പരിചയസമ്പത്തും പദ്ധതി പ്രാവർത്തികമാക്കാൻ ഏറെ സഹായകമായി.

ഗ്രാമ പഞ്ചായത്തിലെ 19 വാർഡുകളിലും ഇതിനായി പ്രത്യേക ശുചിത്വ ഗ്രാമസഭകൾ വിളിച്ചുചേർത്തു. ''എക്കോ ഗ്രീൻ കേരള''യുടെ റിസോഴ്സ് പേഴ്സൺമാർ മുഴുവൻ ഗ്രാമസഭകളിലും പദ്ധതിയുടെ വിശദീകരണം നടത്തി. കൂടാതെ വിദ്യാലയങ്ങൾ, കച്ചവടസ്ഥാപനങ്ങൾ, കുടുംബശ്രീ അയൽകൂട്ടങ്ങൾ, ക്ലബ്ബുകൾ, വായനശാലകൾ, മതസ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ചുള്ള പ്രചാരണങ്ങളും പദ്ധതിയുടെ വിജയത്തിന് സഹായകമായി.

പദ്ധതിയിലുടനീളമുണ്ടായ സ്ത്രീ പങ്കാളിത്തം പ്രത്യേകം ശ്രദ്ധേയമാണ്. ഓരോ വീട്ടുകാരും തങ്ങളുടെ വീടും പരിസരവും ശുചീകരിച്ച് ഖരമാലിന്യവും പ്ലാസ്റ്റിക്ക് മാലിന്യവും ശേഖരിച്ച് ചാക്കുകളിലാക്കി സൂക്ഷിച്ചു. അതോടൊപ്പം പൊതുസ്ഥലങ്ങളും സ്ഥാപനങ്ങളും ശുചീകരിച്ചു. ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ കേന്ദ്രങ്ങളിൽ നിന്നും ശേഖരിച്ച് സൂക്ഷിച്ച മാലിന്യങ്ങൾ പുനഃചക്രമണ കേന്ദ്രങ്ങളിലേക്ക് കയറ്റി അയച്ചു.

തദ്ദേശസ്വയം ഭരണവകുപ്പ് മന്ത്രി ഡോ: കെ.ടി. ജലീൽ ''ജീവനം പറപ്പൂർ'' പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരങ്ങോടത്ത് മുഹമ്മദ് കുട്ടി അദ്ധ്യക്ഷത വഹിച്ചു. വേങ്ങര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.കെഅസ്‌ലു, ബുഷ്റമജീദ്, വി.കെ. ഹസീന ടീച്ചർ, ബഷീർകാലടി, എം മുഹമ്മദ് മാസ്റ്റർ, ടി.കെ അബ്ദുറഹീം, എം. മധുസൂദനൻ എന്നിവർ സംസാരിച്ചു. എക്കോ ഗ്രീൻ കേരളയുടെ പ്രതിനിധി മുജീബ് താനാളൂർ ബോധവൽകരണ ക്ലാസിന് നേതൃത്വം നൽകി.



*''ജീവനം പറപ്പൂർ'' പദ്ധതിയുടെ ഉദ്ഘാടനം മന്ത്രി: ഡോ.കെ.ടി.ജലീൽ നിർവ്വഹിക്കുന്നു.*

**ചീഫ് എഡിറ്റർ**
**ഡോ. കെ. വാസുകി IAS**
എക്സിക്യൂട്ടീവ് ഡയറക്ടർ

**എഡിറ്റർ**
**ഡി. സരോജം**

**എഡിറ്റോറിയൽ സമിതി**
**സി.വി. ജോയ്**
ഡയറക്ടർ (ഓപ്പറേഷൻസ്)
**ഫിറോസ് എ.**
ഡയറക്ടർ (പബ്ലിക് റിലേഷൻസ്)
**എൽ.പി. ചിത്തർ**
ഡയറക്ടർ (ഡ്രിങ്കിംഗ് വാട്ടർ)
**സി. ശശിധരൻപിള്ള**
പ്രോഗ്രാം ഓഫീസർ (ഹെൽത്ത്)
**ഷാജി ക്ലമന്റ്**
പ്രോഗ്രാം ഓഫീസർ (മോണിറ്ററിംഗ്)
**ജോസഫ് സി. പി**
പ്രോഗ്രാം ഓഫീസർ (ട്രെയിനിംഗ്)
**എബ്രഹാം തോമസ് രഞ്ജിത്ത്**
പ്രോഗ്രാം ഓഫീസർ (ഐ.ഇ.സി.)
**അമീർഷാ ആർ.എസ്.**
പ്രോഗ്രാം ഓഫീസർ (സി.സി.ഡി.യു.)
**ജി. ജ്യോതിഷ്ചന്ദ്രൻ**
പ്രോജക്ട് കൺസൾട്ടന്റ്
**രഞ്ജു ആർ. പിള്ള**
സിനിയർ കൺസൾട്ടന്റ് (ഡിസൈൻ)
**ജയകുമാർ**
സാനിട്ടേഷൻ എക്സ്പെർട്ട്
**ശരണ്യ വി. രാജ്**
സിനിയർ കൺസൾട്ടന്റ് (ടെക്നിക്കൽ)



'ലോകത്തിൽ നിങ്ങൾ കാണാനാഗ്രഹിക്കുന്ന മാറ്റത്തിന്റെ തുടക്കം നിങ്ങളിൽ നിന്നാകട്ടെ' - ഗാന്ധിജി

# മാലിന്യസംസ്കരണ പ്ലാന്റ് നിർമ്മാണ ഉദ്ഘാടനം



സുൽത്താൻ ബത്തേരിയിലെ മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മാണ ഉദ്ഘാടനം മന്ത്രി കെ.ടി. ജലീൽ നിർവഹിക്കുന്നു. നഗരസഭ ചെയർപേഴ്സൺ സി.കെ.സഹദേവൻ, മുഖ്യമന്ത്രിയുടെ ശാസ്ത്ര - സാങ്കേതിക ഉപദേഷ്ടാവ് ഡോ. എം.ചന്ദ്രദത്തൻ, ശുചിത്വമിഷൻ ഡയറക്ടർ (ഓപ്പറേഷൻ) സി.വി.ജോയി എന്നിവർ സമീപം

സുൽത്താൻ ബത്തേരി നഗരസഭയിൽ ബയോമെതനൈസേഷൻ സാങ്കേതികവിദ്യയെ അടിസ്ഥാനപ്പെടുത്തിയ മെച്ചപ്പെട്ട മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മാണ പ്രവൃത്തിയുടെ ഉദ്ഘാടനം തദ്ദേശ സ്വയംഭരണ നഗരകാര്യവകുപ്പ് മന്ത്രി ഡോ. കെ.ടി.ജലീൽ നിർവ്വഹിച്ചു. ഐ.സി ബാലകൃഷ്ണൻ എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. കേരളത്തിന് വികേന്ദ്രീകൃതമായ ലഘു മാലിന്യ സംസ്കരണ പ്ലാന്റുകളും അഭികാമ്യമെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. കേരള ജനത മാലിന്യം വലിച്ചെറിയുന്ന സംസ്കാരം അവസാനിപ്പിക്കണമെന്നും, ജർമ്മൻ സാങ്കേതികവിദ്യ ഉപയോഗിച്ച് ബത്തേരിയിൽ നിർമ്മിക്കുന്ന മാലിന്യപ്ലാന്റ് കേരളത്തിന് തന്നെ മാതൃകയായിരിക്കുമെന്നും മന്ത്രി പറഞ്ഞു. ഹോട്ടലുകളും, മറ്റ്സ്ഥാപനങ്ങളും തങ്ങളുടെ മാലിന്യങ്ങൾ സംസ്കരിക്കുന്നത് എങ്ങനെയാണെന്ന് അതത് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ നിർബന്ധമായും അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തക്കതായ പിഴചുമത്തുമെന്ന് മന്ത്രി മുന്നറിയിപ്പ് നൽകി. നഗരസഭാ ചെയർപേഴ്സൺ സി.കെ.സഹദേവൻ, മുഖ്യമന്ത്രിയുടെ ശാസ്ത്ര - സാങ്കേതിക ഉപദേഷ്ടാവ് ഡോ. എം.ചന്ദ്രദത്തൻ, ശുചിത്വമിഷൻ ഡയറക്ടർ സി.വി.ജോയി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലതാശശി, ഡെപ്യൂട്ടി ചെയർപേഴ്സൺ ജിഷ ഷാജി, സ്റ്റാന്റിംഗ് സ്ഥിരം കമ്മിറ്റി അദ്ധ്യക്ഷൻമാരായ ടി.എൽ സാബു, സോബിൻ വർഗ്ഗീസ്, വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൻമാരായ എം.വേലായുധൻ, ബേബിവർഗ്ഗീസ്, ബാബു പഴുപ്പത്തൂർ, കെ.ജെ.ദേവസ്യ, വി.മോഹനൻ, എ.ഭാസ്ക്കരൻ, നഗരസഭാ സെക്രട്ടറി സി.ആർ.മോഹനൻ, സംരഭകൻ ഗ്ലാഡ്സ്റ്റൺ ഫിലിപ്പ് എന്നിവർ ചടങ്ങിൽ സംസാരിച്ചു.



# തിരുവനന്തപുരം നഗരസഭ ഗ്രീൻ പ്രോട്ടോക്കോൾ കർശനമാക്കി

**പ്ലാ**സ്റ്റിക് ക്യാരി ബാഗുകളുടെ നിരോധനത്തോടൊപ്പം ഗ്രീൻ പ്രോട്ടോക്കോൾ കർശനമായി നടപ്പാക്കാൻ തിരുവനന്തപുരം കോർപ്പറേഷൻ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി കോർപ്പറേഷന്റെ പരിധിയിലുള്ള കല്യാണ മണ്ഡപങ്ങൾ, ഓഡിറ്റോറിയങ്ങൾ, കാറ്ററിംഗ് യൂണിറ്റുകൾ എന്നിവക്ക് നോട്ടീസ് നൽകും. തെർമോകോൾ, പ്ലാസ്റ്റിക്, പ്ലാസ്റ്റിക് കോട്ടിംഗുള്ള പേപ്പർ, മൾട്ടി ലെയർ പ്ലാസ്റ്റിക്, ടെട്രാ പാർക്ക് തുടങ്ങിയവ ഉപയോഗിച്ച് നിർമ്മിച്ച ഡിസ്പൊസിബിൾ പാത്രങ്ങളും, ഗ്ലാസ്സുകളും, മറ്റു ഉല്പന്നനങ്ങളും ഭക്ഷണ പദാർത്ഥങ്ങൾ പൊതിയുന്നതിനും, വിതരണം നടത്തുന്നതിനും ഉപയോഗിക്കരുതെന്ന് നിർദ്ദേശം നൽകും. ഇവക്കു പകരമായി പുനരുപയോഗിക്കാൻ കഴിയുന്ന സ്റ്റീൽ, സെറാമിക്, സ്ഫടിക പാത്രങ്ങൾ ഉപയോഗിക്കേണ്ടതാണ്. സർക്കാർ സ്വകാര്യ സ്ഥാപനങ്ങളിലും, ക്യാന്റീനുകളിലും ഗ്രീൻ പ്രോട്ടോക്കോൾ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കോർപ്പറേഷൻ പരിധിയിലെ കടകളിൽ നിന്നും ഇതിനോടകം കിലോക്കണക്കിന് പ്ലാസ്റ്റിക് കോർപ്പറേഷൻ പിടികൂടിയിട്ടുണ്ട്.





കോർപ്പറേഷൻ പരിധിയിലെ കടകളിൽ നിന്നും പ്ലാസ്റ്റിക് പ്ലേറ്റുകളും, കപ്പുകളും അധികൃതർ പിടിച്ചെടുക്കുന്നു.

# പ്ലാസ്റ്റിക് ബോട്ടിൽ കൊണ്ടൊരു വെയിറ്റിംഗ് ഷെഡ്

**പ്ലാ**സ്റ്റിക്കിനെ പുനരുപയോഗിക്കുക എന്ന ലക്ഷ്യത്തോടെ ആർ. എം. ഹയർ സെക്കൻഡറി സ്കൂളിലെ എൻ എസ്.എസ് പ്രവർത്തകർ പ്ലാസ്റ്റിക് ബോട്ടിൽ കൊണ്ടൊരു വെയിറ്റിംഗ് ഷെഡ് മലപ്പുറം ജില്ലക്ക് നിർമ്മിച്ചു നൽകി ചരിത്രം സൃഷ്ടിച്ചു. രണ്ടു ദിവസം കൊണ്ടാണ് വെയിറ്റിംഗ് ഷെഡ് പൂർത്തിയാക്കിയത്. ആദ്യ ദിനം പ്ലാസ്റ്റിക് ബോട്ടിൽ ശേഖരണവും, മണ്ണ് കുപ്പിയിൽ നിറക്കലുമായിരുന്നു. ആയിരത്തിനടുത്ത് ബോട്ടിലുകളാണ് ഇതിനു വേണ്ടിവന്നത്. യൂടൂബിൽക്കണ്ട ഒരു വീഡിയോ ആണ് അവർക്ക് ഇതിന് പ്രചോദനമായത്. തിരുവനന്തപുരം സി.ഇ.ടി.യിലെ എൻ എസ്.എസ്. വോളണ്ടിയേഴ്സ് വർഷങ്ങൾക്കു മുൻപ് വായനാമുറി ഉണ്ടാക്കുന്ന വീഡിയൊ യൂട്യൂബിൽ നിന്ന് കണ്ടു പഠിച്ചാണ് ഇവർ വെയിറ്റിംഗ് ഷെഡ് നിർമ്മാണത്തിൽ ഏർപ്പെട്ടത്. എൻ എസ്.എസ് കോർഡിനേർ അരുണും, മലപ്പുറം ശുചിത്വമിഷൻ സംഘവും ഇവർക്ക് എല്ലാ പിൻതുണയും നൽകി. ഇതിന്റെ ഭാഗമായി ശുചിത്വ മിഷൻ ഈ വിദ്യാർത്ഥികൾക്ക് ഏകദിന പരിശീലനവും ലഭ്യമാക്കിയിരുന്നു. രാവിലെ 10 മണിക്ക് തുടങ്ങിയ പണി വൈകിട്ടാണ് അവസാനിച്ചത്. പ്ലാസ്റ്റിക് ബോട്ടിലുകൾ കൊണ്ട് നിർമ്മാണം തുടങ്ങിയപ്പോൾ തന്നെ ജനങ്ങൾ നല്ല അഭിപ്രായങ്ങളും, അഭിനന്ദനങ്ങളുമാണ് നൽകിയത്. പ്രധാന കവലയിൽ വെയിറ്റിംഗ് ഷെഡ് ഇല്ലാതിരുന്ന സ്ഥലത്ത് ഒരു



*മലപ്പുറത്തെ പ്ലാസ്റ്റിക് ബോട്ടിൽ വെയിറ്റിംഗ് ഷെഡ്*

ഇരിപ്പിടം ഒരുക്കിയതിനും അത് ഉണ്ടാക്കാൻ അവിടുന്നുതന്നെ ലഭിച്ച വേസ്റ്റ് ബോട്ടിലുകൾ ഉപയോഗിച്ചതിനുമാണ് അഭിനന്ദനങ്ങൾ ഏറെ ലഭിച്ചത്. ശുചിത്വ മിഷൻ എക്സിക്യൂട്ടിവ് ഡയറക്ടർ ഡോ. കെ. വാസുകി പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി അംഗങ്ങളുമായി സ്ഥലം സന്ദർശിക്കുകയും എല്ലാവിധ സഹായങ്ങളും വാഗ്ദാനം ചെയ്യുകയും ചെയ്തു.

## നിങ്ങൾക്കറിയാമോ?

1. 'ലോകത്തിൽ നിങ്ങൾ കാണാനാഗ്രഹിക്കുന്ന മാറ്റത്തിന്റെ തുടക്കം നിങ്ങളിൽ നിന്നാകട്ടെ' -ഇങ്ങനെ പറഞ്ഞത് ആര്?
2. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് നിലവിൽ വന്ന വർഷം ?
3. ബയോഗ്യാസ് പ്ലാന്റിൽ നടക്കുന്ന ദഹന പ്രക്രിയ?
4. അന്താരാഷ്ട്ര വനിതാ ദിനം?
5. 'സ്വച്ഛ് ശക്തി 2017' സംഗമം സംഘടിപ്പിച്ചത് ഏതു സംസ്ഥാനത്താണ്?

ഉത്തരങ്ങൾ നിങ്ങൾക്ക് എഴുതി അയക്കാം. ശരിയുത്തരങ്ങൾ അയച്ചവരിൽ നിന്നും തെരഞ്ഞെടുത്ത 5 പേർക്ക് ആകർഷകമായ സമ്മാനങ്ങൾ. ഉത്തരങ്ങൾ വാർത്താപത്രികകളിൽ നിന്ന് ലഭിക്കും. ഉത്തരങ്ങൾ അയക്കേണ്ട വിലാസം: ചീഫ് എഡിറ്റർ, ശുചിത്വകേരളം, സംസ്ഥാനശുചിത്വമിഷൻ, സ്വരാജ്ഭവൻ, നന്തൻകോട് പി.ഒ, തിരുവനന്തപുരം-695003,

ഇമെയിൽ: sanitationkerala@gmail.com, iecsuchitwamission@gmail.com). ഉത്തരങ്ങൾ വാർത്താപത്രികയിൽ പ്രസിദ്ധികരിച്ചു കഴിഞ്ഞതിനു ശേഷം ലഭിക്കുന്ന എൻട്രികൾ സമ്മാനത്തിനായി പരിഗണിക്കുന്നതല്ല

### ശുചിത്വകേരളം വാർത്താപത്രിക ലഭിക്കുന്നതിന്:

ശുചിത്വ അവബോധം സാധാരണ ജനങ്ങളിൽ എത്തിക്കുന്നതിനായി സംസ്ഥാന ശുചിത്വമിഷൻ പ്രസിദ്ധീകരിക്കുന്ന ശുചിത്വ കേരളം വാർത്താ പത്രിക തപാലിലോ നേരിട്ടോ ലഭിക്കുന്നതിന് ശുചിത്വമിഷൻ സംസ്ഥാന ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

## നിങ്ങൾക്കറിയാമോ?

ഫെബ്രുവരി ലക്കത്തിലെ ചോദ്യങ്ങളും, ഉത്തരങ്ങളും

1. സ്വഛ്ഭാരത്മിഷന്റെ ടാഗ് ലൈൻ ''ഏക് കദം സ്വച്ഛതാ കി ഓർ'' ആരാണ് നിർദ്ദേശിച്ചത്?
   **ശ്രീമതി ഭാഗ്യശ്രീസേഠ്**
2. സ്വഛ്ഭാരത്മിഷന്റെ 'ലോഗോ' ആയ ഗാന്ധിയുടെ കണ്ണാടി ആരാണ് രൂപ കൽപന ചെയ്തത്?
   **ആനന്ദ് ഖാസ് ബർദാർ**
3. ഇന്ത്യയിൽ ആദ്യമായി വെളിയിട വിസർജ്ജന വിമുക്തമായ സംസ്ഥാനം? - **സിക്കിം**
4. അന്താരാഷ്ട്ര ശുചിത്വദിനം (clean – up day) ആയി UNO നിർദ്ദേശിക്കുന്ന ദിനം
   **സെപ്റ്റംബർ - 8**
5. സ്വച്ഛ് ഭാരത് മിഷൻ ആരംഭിക്കുന്ന വിഞ്ജാന വ്യാപന പോർട്ടൽ ? **സ്വച്ഛ് സംഗ്രഹ**
6. ബയോഗ്യാസ് പ്ലാന്റിൽ നിന്നും ലഭിക്കുന്ന പ്രധാന വാതകം ? **മീഥൈൻ**
7. വെളിയിടവിസർജ്ജനം തടയുന്നതിന് 'Good morning squad' പ്രവർത്തിക്കുന്ന സംസ്ഥാനം ?
   **മഹാരാഷ്ട്ര**
8. കേരളത്തിലെ ആദ്യത്തെ Litter free city?
   **കോഴിക്കോട്**
9. ''കുപ്പകൾ, കുപ്പകൾ, കുന്നുകണക്കെ
   കുമിഞ്ഞു കൂടിയ കുപ്പകൾ മുന്നിൽ
   കുത്തിയിരിക്കുന്നു ചികഞ്ഞു ഞാൻ
   കുപ്പേലൊണ്ടൊരുമാണിക്യം.'' ആരുടെ വരികൾ?
   **കടമനിട്ട രാമകൃഷ്ണൻ**

ഉത്തരങ്ങൾ വാർത്താപത്രികയിൽ പ്രസിദ്ധികരിച്ചു കഴിഞ്ഞതിനു ശേഷം ലഭിക്കുന്ന എൻട്രികൾ സമ്മാനത്തിനായി പരിഗണിക്കുന്നതല്ല.

# ഇക്കോസാൻ ശുചിമുറികൾ കാസറഗോഡ് ജില്ലയിൽ

ജലക്ഷാമം നേരിട്ടുകൊണ്ടിരിക്കുന്ന കേരള സമൂഹത്തോട് ഇക്കോസാൻ ശുചിമുറികൾക്ക് നല്കാനുള്ള സന്ദേശം വളരെ വലുതാണ്. ഫ്ളഷ് ടോയ്‌ലറ്റ് സംവിധാനം വഴി ഓരോ തവണയും നാം പാഴാക്കികളയുന്നത് ഏതാണ്ട് 5-6 ലിറ്റർ ജലമാണ്. അമൂല്യമായ ജലത്തെ എങ്ങനെ പാഴാക്കാതെ സംരക്ഷിക്കാം എന്ന ചിന്തയിൽ നിന്നാണ് ശുചിത്വമിഷൻ ഇക്കോസാൻ ശുചിമുറികൾ നിർമ്മിക്കാൻ തീരുമാനിച്ചത്. അങ്ങനെയാണ് പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനതലത്തിൽ തന്നെ ആദ്യമായി പരിസ്ഥിതി സൗഹൃദമായ ഇക്കോസാൻ ശുചിമുറികൾ കാസറഗോഡ് ജില്ലയിലെ ചെങ്കള ഗ്രാമ പഞ്ചായത്തിൽ നിർമ്മിച്ചത്.

കാസർഗോഡിനെ പരസ്യ വിസർജ്ജനരഹിത ജില്ലയാക്കി മാറ്റുന്നതിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തിലെ നെല്ലിക്കട്ട എന്ന പാറക്കെട്ടുള്ള പ്രദേശത്താണ് ഇക്കോസാൻ (ഇക്കൊളജിക്കൽ സാനിട്ടേഷൻ) എന്നറിയപ്പടുന്ന പരിസ്ഥിതി സൗഹൃദ ശുചിമുറികൾ സ്ഥാപിച്ചത്.





ഇക്കോസാൻ ശുചിമുറികൾ

കാസറഗോഡ് ജില്ലാ ശുചിത്വ മിഷന്റെ നേതൃത്വത്തിലാണ് ശുചിമുറികളുടെ നിർമ്മാണം നടന്നത്. ഇവയുടെ ഉപയോഗം സംബന്ധിച്ച ബോധവൽക്കരണ പരിപാടികൾ നിരന്തരം ഗുണഭോക്താക്കൾക്ക് നല്കിയാണ് അവരെ പരിസ്ഥിതി സൗഹൃദ കക്കൂസുകൾ ഉപയോഗിക്കാൻ സജ്ജരാക്കിയത്. ജലത്തിന്റെ ഉപയോഗം വളരെ കുറച്ച് മതിയാകുമെന്ന പ്രത്യേകതയുള്ള ഇക്കോസാൻ കക്കൂസുകൾ ജലക്ഷാമമുള്ള പ്രദേശങ്ങൾക്കും ചതുപ്പു നിലങ്ങളിലും പാറക്കെട്ടുള്ള പ്രദേശങ്ങൾക്കും അനുയോജ്യമാണ്. തറ നിരപ്പിന് മുകളിലാണ് ഇക്കോസാൻ കക്കൂസുകൾ നിർമ്മിക്കുന്നത്.

പരിസ്ഥിതി സൗഹൃദമായ ഇത്തരം ഇക്കോസാൻ ശുചിമുറികൾ മണ്ണ് പുന:സൃഷ്ടിക്കുകയും മൂത്രം വേർതിരിച്ച് വളമാക്കി മാറ്റുകയും ചെയ്യുന്നതോടൊപ്പം വളരെ കുറച്ച് വെള്ളം മാത്രമെ ഉപയോഗിക്കുന്നുള്ളുവെന്നുള്ളതും ഫ്ളഷ് ടോയ്‌ലറ്റ് സംവിധാനത്തിൽ നിന്നും ഇവയെ വേറിട്ട് നിർത്തുന്നു.



### എക്കോസാൻ: രാജദാസിന് ഒരു വിജയഗാഥ

കാസറഗോഡ് ജില്ലയിലെ ചെങ്കള ഗ്രാമ പഞ്ചായത്തിലെ പാറ പ്രദേശമായ നെല്ലിക്കട്ടയിലെ 'രാജദാസ്' എന്ന ഗൃഹനാഥന്റെ ആറംഗകുടുംബത്തിന് കുടിവെള്ളം പോലും ലഭിക്കുന്നത് വളരെ കഷ്ടപ്പെട്ടിട്ടാണ്. ആ പ്രദേശവാസികൾക്ക് ജലം ഒരപൂർവ്വ നിധിയുമാണ്. സാധാരണ കക്കൂസുകൾ നാലും അഞ്ചും ലിറ്റർ വെള്ളം ഫ്ളഷിംഗിലൂടെ പാഴാക്കുമ്പോൾ രാജദാസും കുടുംബവും പരിസ്ഥിതി സൗഹൃദ കക്കൂസായ ഇക്കോസാൻ ശുചിമുറികൾ വ്യത്യസ്ത സാങ്കേതികരീതിയിൽ ഉപയോഗിച്ച് ജലത്തിന്റെ ഉപയോഗം വളരെ കുറച്ചു. ഇതുവഴി ഭാവിയിലേക്കുള്ള ജലക്ഷാമത്തെ നേരിടാനുള്ള ഒരു വേറിട്ട കാഴ്ചപ്പാടാണ് രാജദാസും കുടുംബവും സമൂഹത്തിന് നൽകുന്നത്.



## സ്വച്ഛ് ശക്തി 2017

മാർച്ച് - 8 - ദേശീയ വനിതാദിനാചരണത്തോടനുബന്ധിച്ച് ഗുജറാത്തിലെ ഗാന്ധിനഗറിൽ, 'സ്വച്ഛ് ശക്തി 2017' എന്ന പേരിൽ വനിതാസംഗമം സംഘടിപ്പിച്ചു. 7, 8 തീയതികളിലായി നടന്ന സംഗമം കേന്ദ്രകുടിവെള്ള ശുചിത്വ മന്ത്രാലയമാണ് സംഘടിപ്പിച്ചത്. വെളിയിട വിസർജന വിമുക്ത (ODF) പ്രവർത്തനവുമായി ബന്ധപ്പെട്ട് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച വനിതകളെ ഈ സമ്മേളനത്തിൽ ആദരിച്ചു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ആറായിരത്തോളം പേർ വനിതാസംഗമത്തിൽ പങ്കെടുത്തു. കേരളത്തിൽ നിന്നും 112 പേരാണ് ഈ സമ്മേളനത്തിൽ പങ്കെടുത്തത്.

# തുണിസഞ്ചിയിലൂടെ ശുചിത്വവിപ്ലവം

പ്ലാസ്റ്റിക് സഞ്ചികൾ നിരോധിച്ചാൽ ബദൽ മാർഗ്ഗമെന്ത് എന്ന ചോദ്യത്തിന് ഉത്തരവുമായി കൊല്ലം ജില്ലയിലെ സഹോദരിമാർ ഒന്നിക്കുന്നു. പഴയ തുണികൾ, സാരികൾ, നൈറ്റികൾ, ബെഡ്ഷീറ്റുകൾ, പാന്റ്സ്, ചുരിദാർ തുടങ്ങിയവ ഉപയോഗിച്ച് ആകർഷകമായ തുണി സഞ്ചികൾ ഉണ്ടാക്കുന്നു. പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് പകരം ഇത്തരത്തിലുള്ള തുണി സഞ്ചികൾ വ്യാപകമാക്കാവുന്നതാണ്.





*സ്വദേശി ഗ്രാമ വികസന കേന്ദ്രവുമായി ചേർന്നുള്ള തുണിസഞ്ചി പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വനിതകൾ*



# നഗരസഭാ ശുചിത്വപദ്ധതികളുടെ പുരോഗതി അവലോകനം

സംസ്ഥാനത്തെ നഗരസഭകളുടെ പദ്ധതി പദ്ധതിയേതര പ്രവർത്തന പുരോഗതിവിലയിരുത്തുന്നതിനുള്ള അവലോകന യോഗം ഫെബ്രുവരി 21 ന് തിരുവനന്തപുരത്ത് വനശ്രീആഡിറ്റോറിയത്തിൽ നടന്നു. യോഗത്തിൽ നഗരസഭകളിലെ ഒ.ഡി.എഫ് പ്രവർത്തനം, ഖരമാലിന്യ സംസ്കരണം എന്നിവയുടെ പുരോഗതി ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.കെ.വാസുകി വിലയിരുത്തി. ശുചിത്വമിഷൻ ഡയറക്ടർ (ഓപ്പറേഷൻസ്) സി.വി.ജോയ് മുഖ്യ പ്രഭാഷണം നടത്തി. സംസ്ഥാനത്തെ 93 നഗരസഭാസ്ഥാപനങ്ങളിൽ 44 എണ്ണം ഇതിനകം ODF പ്രഖ്യാപനം നടത്തിയിട്ടുണ്ട്. കൊല്ലം, കോട്ടയം, കോഴിക്കോട് ജില്ലകളിൽ മുഴുവൻ നഗരസഭകളും ODF പൂർത്തീകരിച്ചു. എല്ലാ നഗരസഭകളിലും ODF പ്രഖ്യാപനം നടത്തി സംസ്ഥാനത്ത് ഒന്നാം സ്ഥാനത്തെത്തിയത് കോഴിക്കോട് ജില്ലയാണ്. പ്രവർത്തന പുരോഗതിയിൽ ഇനിയും മുന്നേറാനുള്ളത് കൊച്ചി, തിരുവനന്തപുരം കോർപ്പറേഷനുകളും, ആലപ്പുഴ, മാനന്തവാടി, മഞ്ചേരി, സുൽത്താൻ ബത്തേരി, തൃപ്പൂണിത്തുറ, കളമശ്ശേരി, കാസറഗോഡ് നഗരസഭകളുമാണെന്ന് യോഗം വിലയിരുത്തി. ഈ നഗരസഭകളിൽ പ്രത്യേകം ശ്രദ്ധചെലുത്തി ഫെബ്രുവരി 28-നകം ODF പ്രഖ്യാപനം നടത്തുവാൻ എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശിച്ചു. യോഗത്തിൽ ശുചിത്വമിഷൻ സീനിയർ കൺസൾട്ടന്റായ പി. കേശവൻ നായർ 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് സംബന്ധിച്ച് മലയാളത്തിൽ തയ്യാറാക്കിയ ബൈലോ അവതരിപ്പിക്കുകയും അഭിപ്രായങ്ങൾ ക്രോഡീകരിക്കുകയും ചെയ്തു.





*ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ. വാസുകിയുടെ നേതൃത്വത്തിൽ നടന്ന അവലോകന യോഗം*



*തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ഡോ. കെ.ടി. ജലീലിന്റെ നേതൃത്വത്തിൽ നടന്ന മലപ്പുറം നഗരസഭകളുടെ ഒ.ഡി.എഫ് അവലോകന യോഗം*

# മലപ്പുറത്തെ നഗരസഭകൾ ഒ.ഡി.എഫിലേക്ക്.



മലപ്പുറം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾക്ക് പിന്നാലെ നഗരസഭകളും ഒ.ഡി.എഫ് പ്രഖ്യാപനത്തിലേക്ക്. മാർച്ച് 20 നു മുൻപായി ലക്ഷ്യം കൈവരിക്കാൻ തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി ഡോ.കെ.ടി. ജലീലിന്റെ അധ്യക്ഷതയിൽ കലക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗം തീരുമാനിച്ചു. 12 നഗരസഭകളിലായി 2083 ശുചിമുറികളാണ് ലക്ഷ്യം. ഇതിനോടകം 945 എണ്ണത്തിന്റെ പണി പൂർത്തീകരിച്ചു. കോട്ടക്കൽ, തിരൂരങ്ങാടി, കൊണ്ടോട്ടി നഗര സഭകൾ ഒ.ഡി.എഫ് പ്രഖ്യാപിച്ചു കഴിഞ്ഞു. യോഗത്തിൽ മലപ്പുറം എം.എൽ.എ. ശ്രീ. പി. ഉബൈദുള്ള, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എ.പി. ഉണ്ണികൃഷ്ണൻ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി. സക്കീന പുൽപ്പാടൻ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. ഉമ്മർ അറക്കൽ, നഗരസഭാ ചെയർ പേഴ്സൺമാർ, സെക്രട്ടറിമാർ, ജില്ലാ ശുചിത്വ മിഷൻ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ ശ്രീ. സി. സൈനുദ്ദീൻ, ടെക്നിക്കൽ കൺസൽട്ടന്റ് ശ്രീ. വിനീത്. കെ. എന്നിവരും സംബന്ധിച്ചു.

15400 രൂപയാണ് യൂണിറ്റ് കോസ്റ്റ്. നഗരസഭകളിൽ ശുചിമുറി ഇല്ലാത്തവർ അക്ഷയ വഴിയാണ് അപേക്ഷിക്കേണ്ടത്. തുടർന്ന് നഗരസഭ അധികൃതർ പരിശോധന നടത്തും. ശുചിമുറികൾ ഇല്ല എന്ന് ഉറപ്പ് വരുത്തിയാൽ 5000 രൂപ അഡ്വാൻസ് നൽകും. തുടർന്ന് പണി പൂർത്തിയായി വരുന്ന മുറയ്ക്ക് ബാക്കി തുക കൂടി നൽകും.

നഗര സഭകളിൽ ഒ.ഡി.എഫ് പ്രഖ്യാപിക്കുന്നതിന് മുന്നോടിയായി ഓരോ വാർഡിലും ഒ.ഡി.എഫ്. പ്രഖ്യാപിക്കണം. ഇതിന്റെ ഭാഗമായി എല്ലാ കൗൺസിലർമാരും, സ്വയം സഹായ സംഘങ്ങളും, സ്കൂൾ, അംഗൻവാടി മേധാവികളും, വിദ്യാർത്ഥികളും രേഖാമൂലം തങ്ങളുടെ പ്രദേശത്തോ, സ്ഥാപനത്തിലോ തുറസായ സ്ഥലത്ത് മലവിസർജനം നടത്തുന്നവരില്ലെന്ന് സെക്രട്ടറിക്ക് എഴുതി നൽകണം. തുടർന്ന് സെക്രട്ടറി ആർക്കെങ്കിലും പരാതിയുണ്ടെങ്കിൽ കേൾക്കാനായി 15 ദിവസം സമയം നൽകും. ഇതുമായി ബന്ധപ്പെട്ട അറിയിപ്പുകൾ നോട്ടീസ് ബോർഡ്, പത്ര ദൃശ്യ മാധ്യമങ്ങൾ വഴി നൽകും. തുടർന്ന് പ്രത്യേക ഭരണ സമിതിയോഗം വിളിച്ച് തദ്ദേശ ഭരണ സ്ഥാപനത്തെ ഒ.ഡി.എഫ് ആയി സ്വയം പ്രഖ്യാപിക്കണം, പ്രസ്തുത വിവരം ജില്ലാ ശുചിത്വ മിഷനെ രേഖാമൂലം അറിയിക്കണം. തുടർന്ന് ചെക്ക് ലിസ്റ്റുമായി കേന്ദ്ര സർക്കാർ നിയോഗിച്ച പ്രത്യേക പരിശോധന സംഘം സ്ഥാപന പരിധിയിലെ അംഗൻവാടികൾ, വിദ്യാലയങ്ങൾ, പൊതു ശുചിമുറികൾ, റസിഡൻഷ്യൽ കോളനികൾ, പട്ടിക ജാതി - പട്ടിക വർഗ്ഗ - ആദിവാസി തീരദേശ വീടുകൾ എന്നിവ സന്ദർശിച്ച് റിപ്പോർട്ട് നൽകും. തുടർന്ന് അർഹരായവർക്ക് ഗ്രാന്റ് ലഭിക്കും.



# വിദ്യാർത്ഥി പങ്കാളിത്തം സ്വാപ്പ്മേളയെ ജനകീയമാക്കി

വയനാട് ജില്ലയിൽ ഹരിത കേരളം പദ്ധതിയുടെ സംസ്ഥാന ഉത്ഘാടനത്തോടനുബന്ധിച്ച് ശുചിത്വ മിഷന്റെ നേതൃത്വത്തിൽ നഗരസഭകളിലും ബ്ലോക്ക് തലത്തിലും സ്വാപ്പ് മേളകൾ സംഘടിപ്പിച്ചപ്പോൾ ഒരു പുത്തൻ ആശയം ജനങ്ങളിലേക്കെത്തുകയായിരുന്നു. വർദ്ധിച്ച ഉപഭോഗ സംസ്കാരവും, കാഴ്ചപ്പാടുകളും നമ്മെ 'വാങ്ങിക്കൂട്ടലിന്റെ' ഉന്നതിയിലെത്തിച്ചു. ഈ സാഹചര്യത്തിലാണ് സ്വാപ്പ് മേളകൾ ശ്രദ്ധേയമായത്. വലിച്ചെറിയുന്ന വസ്തുക്കളിൽ നിന്നും ഉപയോഗ യോഗ്യമായവ ശേഖരിക്കുന്നതിനും, മേളകൾ സംഘടിപ്പിക്കുന്നതിനും വിദ്യാർത്ഥികൾക്കിടയിൽ അതീവ താത്പര്യം ഉണ്ടായി. റീജിയണൽ അഗ്രിക്കൾച്ചറൽ റിസർച്ച് സ്റ്റേഷൻ അമ്പലവയൽ



സ്വാപ്പ് മേള സന്ദർശിച്ച വിദേശി

സംഘടിപ്പിച്ച പൂപ്പൊലി പുഷ്പ പ്രദർശന കലാമേളയിൽ ഒരുക്കിയ സ്വാപ്പ് മേളയാണ് വ്യത്യസ്തതകൾ കൊണ്ട് ശ്രദ്ധേയമായത്. സുൽത്താൻ ബത്തേരി താലൂക്കിലെ ഇരുപതോളം വിദ്യാലയങ്ങൾ ഉപയോഗ യോഗ്യമായ വസ്ത്രങ്ങൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ, പുസ്തകങ്ങൾ, കളിപ്പാട്ടങ്ങൾ എന്നിവ ശേഖരിക്കുകയും പൂപ്പൊലി പ്രദർശന നഗരിയിൽ തികച്ചും സൗജന്യമായി ഓരോ ദിവസവും ഓരോ വിദ്യാലയങ്ങൾ എന്ന നിലയിൽ ആവശ്യക്കാർക്ക് നൽകുകയും ചെയ്തു. ലക്ഷക്കണക്കിന് ജനങ്ങളിലേക്ക് ആശയവും, സന്ദേശവും എത്തിക്കാൻ മേളകൊണ്ട് സാധിക്കുകയും വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പുത്തൻ ആശയം സ്വീകാര്യമാവുകയും ചെയ്തു. ഒരു ആഘോഷത്തിന്റെ ഭാവവും അനുഭവും ആസ്വദിച്ച വിദ്യാർത്ഥികൾ, ലഭിച്ച അവസരം പൂർണ്ണ





സ്വാപ്പ് മേളയുമായി വിദ്യാർത്ഥികൾ

മായും ആസ്വദിക്കുകയായിരുന്നു. ഒരു ദിവസം മാത്രമാണ് ഒരു വിദ്യാലയത്തിന് ലഭിച്ച അവസരം, അതിനാൽ തന്നെ ഈ അവസരം പൂർണ്ണമായും ജനകീയമാക്കുന്നതിനുള്ള ആവേശം അവരിലുണ്ടായി. വ്യത്യസ്ത ദിവസങ്ങളിൽ പുതുമയാർന്ന വസ്തുക്കൾ നൽകാൻ കഴിഞ്ഞതും, കുട്ടികൾ ആശയം പ്രചരിപ്പിക്കാൻ തിരഞ്ഞെടുത്ത വ്യത്യസ്ത മാർഗങ്ങളും ഓരോ ദിവസത്തെയും വിഭിന്നമാക്കി. മേളയിൽ ആയിരത്തിലധികം ജനങ്ങൾ സാധനങ്ങൾ വാങ്ങാനെത്തി. കൂടുതൽ അവശ്യവസ്തുക്കൾ സംഭാവന നൽകുന്ന രീതിയിൽ മേള വളർന്നു എന്നതാണ് പ്രത്യേകത. വിവധ ക്ലാസുകളിലെ പാഠപുസ്തകങ്ങൾ, കഥാ പുസ്തകങ്ങൾ, എല്ലാ പ്രായത്തിലുമുള്ള അളവിൽ വസ്ത്രങ്ങൾ, സ്റ്റീൽ പാത്രങ്ങൾ, കളിപ്പാട്ടങ്ങൾ, ടെലിവിഷൻ ഉൾപ്പെടെയുള്ള വവിധ ഇലക്ട്രോണിക് ഉപകരണങ്ങൾ, ചെറിയ സൈക്കിളുകൾ കസേരകൾ തുടങ്ങിയവ മേളയിൽ ഇടം നേടി. വിദേശികൾ ഉൾപ്പെടെയുള്ളവർ മേള സന്ദർശിക്കുകയും, സാധനങ്ങൾ വാങ്ങിക്കുകയും ചെയ്തത് വലിയ വാർത്താ പ്രാധാന്യമുണ്ടാക്കുകയും പരിപാടി കൂടുതൽ ജനകീയമാക്കുകയും ചെയ്തു. അമ്പലവയൽ ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടെ തുടർന്നും മേള നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

വയനാട് ജില്ലാ കളക്ടർ ഡോ. ബി.എസ്.തിരുമേനിയുടെ നേതൃത്വത്തിൽ സുൽത്താൻ ബത്തേരി താലൂക്കിലെ വിദ്യാലയങ്ങളും ജില്ലാ ശുചിത്വമിഷൻ ഉദ്യോഗസ്ഥരും, റിസോഴ്സ് പേഴ്സൺമാരുമാണ് മേളയോടനുബന്ധിച്ച് സ്വാപ്പ് ഷോപ്പ് സംഘടിപ്പിച്ചത്.

## ശുചിത്വത്തിലേക്ക് ഒരു ചുവട് മുന്നോട്ട്

സ്വച്ഛ്ഭാരത് മിഷന്റെ സന്ദേശവാക്യം ആണ് ശുചിത്വത്തിലേക്ക് ഒരു ചുവട് മുന്നോട്ട് ('ഏക് കദം സ്വച്ഛതാ കി ഓർ' എന്ന് ഹിന്ദി) നിർമ്മൽ ഭാരത അഭിയാൻ പദ്ധതിയെ പുനഃസംഘടിപ്പിച്ച് 'സ്വച്ഛ്ഭാരത് മിഷൻ' എന്ന് നാമകരണം ചെയ്തു. 2014 ഒക്ടോബർ 2 മുതൽ നടപ്പിലാക്കി. പുതിയ മിഷൻ പ്രത്യേകം ലോഗോയും സന്ദേശവാക്യവും വേണമെന്ന് തീരുമാനിച്ചു. ഇതിനായി ഒരു മത്സരം തന്നെ സംഘടിപ്പിച്ചു. ലോഗോയ്ക്ക് 1636 നിർദ്ദേശങ്ങളും, ടാഗ്ലൈന് 5168 നിർദ്ദേശങ്ങളും ലഭിച്ചു. സ്വച്ഛ്ഭാരത് എന്ന് ആലേഖനം ചെയ്ത ഗാന്ധിയൻ കണ്ണട ലോഗോ ആയി തിരഞ്ഞെടുത്തു. ഇത് രൂപകല്പന ചെയ്തത് കൊൽഹാവൂർ (മഹാരാഷ്ട്ര) കാരനായ ആനന്ദ് ഖാസ്ബർദാർ ആണ്. ഗുജറാത്തുകാരിയായ ഭാഗ്യശ്രീസേത്ത് നിർദ്ദേശിച്ച 'ഏക് കദം സ്വച്ഛദാ കീ ഓർ' എന്ന സന്ദേശവാക്യമാണ് (tagline) തെരഞ്ഞെടുത്തത്. 2014 ഒക്ടോബർ 2 ന് ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ ശ്രീ. ആനന്ദ് ഖാസ് ബർദാറിന് 50,000 രൂപയും, ഭാഗ്യശ്രീ സേത്തിന് 25,000 രൂപയും സമ്മാനമായി പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോഡി നൽകി.

# ശുചിത്വപരിപാലന സാങ്കേതികവിദ്യ



## ഗാർഹിക ബയോഗ്യാസ് പ്ലാന്റ്

വീടുകളിലുണ്ടാകുന്ന ജൈവമാലിന്യങ്ങളെ ബയോഗ്യാസ് ആക്കിമാറ്റി അടുക്കളയിൽ പാചകത്തിനുപയോഗിക്കാവുന്നതാണ്.

### പ്രവർത്തന ഘടന

- പ്ലാന്റ് ഉറപ്പിച്ചതിന് ശേഷം അതിന്റെ ശേഷി അനുസരിച്ച് ചാണകവും വെള്ളവും 1:1 അനുപാതത്തിൽ നിക്ഷേപിക്കുക.
- അഞ്ച് ദിവസത്തിന് ശേഷം അടുക്കള മാലിന്യങ്ങൾ വെള്ളവും ചേർത്ത് പ്ലാന്റിൽ നിക്ഷേപിച്ച് തുടങ്ങാം
- ഏകദേശം 7 ദിവസത്തിനുള്ളിൽ ഗ്യാസ് പൂർണ്ണമായ രീതിയിൽ ലഭിച്ച് തുടങ്ങും.

### നിക്ഷേപിക്കാവുന്ന മാലിന്യങ്ങൾ

- അഴുകുന്ന ഭക്ഷണാവശിഷ്ടങ്ങൾ, മത്സ്യാവശിഷ്ടങ്ങൾ
- പച്ചക്കറിയുടെ അവശിഷ്ടങ്ങൾ
- ധാന്യങ്ങൾ കഴുകുന്ന വെള്ളം, കഞ്ഞിവെള്ളം, റബ്ബർഷീറ്റ്വെള്ളം, തേങ്ങവെള്ളം തുടങ്ങിയവ.
- ചാണകം, വളർത്തുമൃഗങ്ങളുടെ അവശിഷ്ടങ്ങൾ.

### നിക്ഷേപിക്കാൻ പാടില്ലാത്തവ

- അമ്ലത കൂടിയ ഭക്ഷണ പദാർത്ഥങ്ങൾ (ഓറഞ്ച്, നാരങ്ങ, അച്ചാർ തുടങ്ങിയവ)
- മുട്ടത്തോട്, ചിരട്ട, തൂവലുകൾ, സോപ്പ് വെള്ളം മുതലായവ
- ഇലകൾ, മണ്ണ്, പുല്ല്, വൈക്കോൽതുടങ്ങിയവ
- ഗ്ലാസ്, പ്ലാസ്റ്റിക്, തടി, ലോഹങ്ങൾ തുടങ്ങിയവ

### നടത്തിപ്പും പരിപാലനവും.

- ബയോഗ്യാസ് പ്ലാന്റും അടുപ്പും തമ്മിലുള്ള ദൂരം 30 മീറ്ററിൽകൂടാൻ പാടില്ല.
- സൂര്യപ്രകാശം ലഭിക്കുന്ന സ്ഥലത്തായിരിക്കണം പ്ലാന്റ് സ്ഥാപിക്കേണ്ടത്.
- മാസത്തിൽ 2 തവണയെങ്കിലും ബർണർ വൃത്തിയാക്കുക.
- ചാണകം, ചൂടുവെള്ളം എന്നിവ മാസത്തിൽ ഒരുതവണയെങ്കിലും ഒഴിച്ചു കൊടുക്കുന്നത് നല്ലതായിരിക്കും.
- അവശിഷ്ടങ്ങൾ ചെറിയകഷ്ണങ്ങളാക്കി തുല്യവെള്ളം ചേർത്ത് വേണം പ്ലാന്റിൽ നിക്ഷേപിക്കേണ്ടത്.
- ഇതിന്റെ സ്ലറി ജൈവവളമായതിനാൽ കൃഷി ആവശ്യത്തിന് ഉപയോഗിക്കാം.
- പ്ലാന്റും അടുപ്പും തമ്മിൽ ബന്ധിപ്പിക്കുന്ന ഹോസിൽ വെള്ളം നിറയാൻ സാധ്യത ഉള്ളതിനാൽ ഇടയ്ക്ക് ഹോസിലെ വെള്ളം നീക്കുന്നത് നല്ലതായിരിക്കും.

## എന്താണ് ബയോഗ്യാസ്?

അഴുകുന്ന മാലിന്യങ്ങളിൽ നിന്നും ഓക്സിജന്റെ അഭാവത്തിൽ ബാക്ടീരിയകളുടെ സഹായത്തോടെ ഉൽപാദിപ്പിക്കപ്പെടുന്ന വാതകമാണ് ബയോഗ്യാസ്. ഈ പ്രക്രിയക്ക് അനേറോബിക്ദഹനം എന്നുപറയുന്നു. ജൈവവസ്തുക്കളിൽ നിന്ന് ഉൽപാദിപ്പിക്കുന്ന വാതകമായതിനാൽ ഇതിനെ ജൈവ ഇന്ധനമായി കണക്കാക്കുന്നു. ബയോഗ്യാസിൽ പ്രധാനമായും മീഥേനും കാർബൺഡൈഓക്സൈഡും അടങ്ങിയിരിക്കുന്നു. ജൈവമാലിന്യം, കക്കൂസ് മാലിന്യം, മറ്റ് അഴുകുന്ന ജൈവാവശിഷ്ടങ്ങൾ എന്നിവയും ബയോഗ്യാസ് ഉല്പാദനത്തിനുപയോഗിക്കാവുന്നതാണ്. ബാക്ടീരിയ, ഫംഗസുകൾ, ആക്ടീനോമൈസിറ്റുകൾ തുടങ്ങിയ സൂക്ഷ്മജീവികളുടെ പ്രവർത്തനം മൂലം മാലിന്യങ്ങൾ അഴുകുകയും ബയോഗ്യാസ് ഉണ്ടാവുകയും ചെയ്യുന്നു.



**പൊ**തുസ്ഥലങ്ങൾ സ്വന്തംവീടുപോലെ കരുതി വൃത്തിയായി സൂക്ഷിക്കാം. വായുവിനും, വെള്ളത്തിനും, മണ്ണിനും കുറെക്കൂടി മാന്യത നൽകാം. കാല്കൊണ്ട് മാന്തികുഴിയുണ്ടാക്കി – അതിൽ വിസർജ്ജനം നടത്തി – മണ്ണിട്ട് മൂടി – മണത്ത് നോക്കി – മണംവരുന്നില്ല – മലിനീകരണം ഇല്ല എന്നുറപ്പുവരുത്തിപ്പോകുന്ന പൂച്ചയുടെ ശുചിത്വ ബോധമാണ് മാതൃകാപരം.

# ഗ്രീൻ പ്രോട്ടോക്കോളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും




*ഗ്രീൻ പ്രോട്ടോക്കോൾ അനുസരിച്ച് നടത്തിയ ഇലക്ഷൻ 2016*

ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതോടെ അടിസ്ഥാനപരമായി ഏറെ ഗുണം ലഭിക്കുന്നത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കാണ്. പഞ്ചായത്തീരാജ് ആക്ട് പ്രകാരം മാലിന്യ സംസ്കരണം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ചുമതലയായതിനാൽ ഇന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയും ഇതു തന്നെയാണ്. ചുവടെ കൊടുക്കുന്ന നിർദ്ദേശങ്ങൾ ജന പങ്കാളിത്തത്തോടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നടപ്പിലാക്കാവുന്നതാണ്.

- തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ എല്ലാ സർക്കാർ സ്ഥാപനങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ ബാധകമാക്കുക
- തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ എല്ലാ വീടുകൾക്കും ഗ്രീൻ പ്രോട്ടോക്കോൾ ബാധകമാക്കുകയും മാതൃകാപരമായി ഗ്രീൻ പ്രോട്ടാക്കോൾ നടപ്പിലാക്കുന്ന കുടുംബങ്ങൾക്ക് പുരസ്കാരം നൽകുകയും ചെയ്യുക.
- കുടുംബശ്രീ ഉൾപ്പെടെയുള്ള സന്നദ്ധ സംഘടനകളുടെ സഹായത്തോടെ കൃത്യമായ അജൈവ മാലിന്യ ശേഖരണം നടത്തുക. കുടുംബശ്രീ പ്രവർത്തകരെ ഗ്രീൻ ടെക്നീഷ്യൻമാരാക്കി കമ്പോസ്റ്റിങ്ങും, ബയോഗ്യാസ് ഉപാധികളും പരിപാലിക്കാൻ പ്രാപ്തരാക്കുക
- പൊതു നിരത്തുകളിലും സ്കൂൾ- കോളേജുകളിലും സർക്കാർ സ്ഥാപനങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ സന്ദേശങ്ങൾ അടങ്ങിയ ബോർഡുകൾ, ഹോർഡിംഗുകൾ തുടങ്ങിയവ സ്ഥാപിക്കുകയും ചുവരെഴുത്തുകൾ നടത്തുകയും, ബ്രോഷറുകൾ വിതരണം ചെയ്യുകയും ചെയ്യുക.
- റസിഡൻസ് അസോസിയേഷൻ വഴി ഗ്രീൻ പ്രോട്ടോക്കോൾ സന്ദേശം പ്രചരിപ്പിക്കുക
- വിവാഹമണ്ഡപങ്ങളിലും, ഉത്സവങ്ങളിലും, ഘോഷയാത്രകളിലും, അന്നദാനങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുക
- വാർഡ്മെമ്പർമാർ, കൗൺസിലർമാർ എന്നിവർ മുഖേന ഗ്രീൻ പ്രോട്ടോക്കോൾ കമ്മിറ്റികൾ റസിഡൻസ് അസോസിയേഷനുകളുടെ സഹായത്തോടെ രൂപീകരിക്കുക
- കച്ചവടസ്ഥാപനങ്ങൾ, വ്യാപാര വ്യവസായ ശാലകൾ എന്നിവിടങ്ങളിൽ നിന്നും സ്ഥിരമായി പ്ളാസ്റ്റിക് ശേഖരിക്കുന്നതിനും, ജൈവമാലിന്യം സംസ്കരിക്കുന്നതിനുമുള്ള ഉപാധികൾ സ്ഥാപിക്കുന്നതിനും വേണ്ട നടപടികൾ ശുചിത്വ മിഷനുമായി ചേർന്ന് സ്വീകരിക്കുക
- ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതു വഴി 'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം' എന്ന സന്ദേശം പ്രചരിപ്പിക്കുക.
- ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഗാർഹിക-സ്ഥാപന-കമ്മ്യൂണിറ്റി തലങ്ങളിൽ അനുയോജ്യമായ ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ ശുചിത്വമിഷന്റെ സഹായത്തോടെ സ്ഥാപിക്കുക.
- തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ എല്ലാ സ്കൂളുകളിലും കോളേജുകളിലും സ്വകാര്യ സ്ഥാപനങ്ങളിലും ആശുപത്രികളിലും ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം ജൈവ മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കുകയും അജൈവമാലിന്യ ശേഖരണം നടത്തുകയും ചെയ്യുക
- ശേഖരിക്കപ്പെടുന്ന അജൈവ മാലിന്യങ്ങൾ സംഭരിക്കുന്നതിനും തരം തിരിക്കുന്നതിനും ശുചിത്വ മിഷനുമായി ചേർന്ന് മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി കൾ സ്ഥാപിക്കുക.
- നിരോധിത പ്ളാസ്റ്റിക് ഉത്പന്നങ്ങളുടേയും ഡിസ്പോസിബിൾ വസ്തുക്കളുടേയും വിപണനവും ഉത്പാദനവും കർശനമായി നിരോധിക്കുക
- കഴുകി ഉപയോഗിക്കാൻ കഴിയുന്ന പാത്രങ്ങൾ വിവാഹ ആവശ്യങ്ങൾക്കും പൊതു പരിപാടികൾക്കും വാടകക്ക് നൽകുന്നതിന് വേണ്ടി കുടുംബശ്രീ മുഖാന്തിരം മൈക്രോ എന്റർപ്രൈസസുകൾ ആരംഭിക്കുക.



**ശുദ്ധിയും വൃത്തിയും ഒരു നാണയത്തിന്റെ ഇരു വശങ്ങൾ പോലെയാണ്: നിത്യ ജീവിതത്തിൽ പരമ പ്രധാനമാണ് ഇവയെന്ന് ഓർക്കുക**

# കട്ടപ്പനയിലെ സ്വാപ്പ് ഷോപ്പ്

ഹരിതകേരളത്തിന്റെ ചുവട് പിടിച്ച് സംസ്ഥാനത്തെ ആദ്യ ഒഡി എഫ് നഗരമായ കട്ടപ്പന നഗരസഭ സ്വാപ്പ് ഷോപ്പിന് തുടക്കമിട്ടു. ഉപയോഗിക്കാതെ പാഴായി പോകുന്ന ഉപയോഗയോഗ്യമായ വസ്ത്രങ്ങൾ, ചെരിപ്പ്, കുട, ബാഗ്, ഇലക്ട്രോണിക് ഉപകരണങ്ങൾ മുതലായവ സ്വാപ്പ്ഷോപ്പ് വഴി ആവശ്യാനുസരണം മറ്റുള്ളവരിലേക്ക് എത്തിച്ചുകൊണ്ട് വസ്തുക്കളുടെ പരമാവധി ഉപയോഗം സാധ്യമാക്കുകയും അതുവഴി മാലിന്യത്തിന്റെ തോത് കുറക്കുകയും ചെയ്യുന്നു. കട്ടപ്പന നഗരസഭയിലെ സ്വാപ്പ് ഷോപ്പിന് ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴി വളരെയധികം പ്രചാരം ലഭിച്ചിട്ടുണ്ട്. കട്ടപ്പന മുൻസിപ്പാലിറ്റി ഒരു സ്ഥിരം സംവിധാനം എന്ന നിലയിൽ സ്വാപ്പ് ഷോപ്പ് മുന്നോട്ട് കൊണ്ടുപോകുന്നത് പ്രദേശ വാസികൾക്ക് ഏറെ പ്രയോജനകരമാണ്. ആവശ്യക്കാരുടെ ബാഹുല്യം നിമിത്തം സ്വാപ്പ് ഷോപ്പ് വസ്തുക്കളുടെ കൈമാറ്റത്തിന് അപേക്ഷ സ്വീകരിച്ച് അർഹത പരിശോധിച്ച് ഉറപ്പ് വരുത്തിയ ശേഷം മാത്രമാണ് ഗുണഭോക്താക്കളെ കണ്ടെത്തുന്നത്.






സ്വാപ്പ് ഷോപ്പിൽ നിന്ന് ടെലിവിഷൻ ഏറ്റുവാങ്ങുന്ന വീട്ടമ്മ

## അയച്ചു തരിക

നിങ്ങളുടെ പ്രദേശത്തെ മാലിന്യ നിർമാർജ്ജനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ വിജയഗാഥകൾ ഫോട്ടോ സഹിതം ശുചിത്വമിഷന് അയച്ചു തരിക. അവ വാർത്താ പത്രികയിൽ പ്രസിദ്ധീകരിക്കുന്നതാണ്. നിങ്ങളുടെ പ്രവർത്തനങ്ങൾ മറ്റുള്ളവർ മാതൃകയാക്കട്ടെ.

അയക്കേണ്ട വിലാസം :
E-mail: editorsuchitwamission@gmail.com

## പ്ലാസ്റ്റിക് ഉപയോഗം : നമുക്ക് ചെയ്യാവുന്നവ

- പ്ലാസ്റ്റിക് കപ്പുകൾ, പ്ലേറ്റുകൾ, ഭക്ഷണം പൊതിയുന്ന പ്ലാസ്റ്റിക് ഷീറ്റുകൾ, ടെട്രാപാക്ക് ഉല്പന്നങ്ങൾ തുടങ്ങിയവ ഉപയോഗിക്കില്ല എന്നു തീരുമാനിക്കുക
- സൽക്കാരങ്ങളിൽ ഗ്ലാസ്, സ്റ്റീൽ, സിറാമിക് എന്നിവ കൊണ്ടുള്ള പാത്രങ്ങളോ, വാഴയില, പാള തുടങ്ങിയ പ്രകൃതിദത്ത വസ്തുക്കളോ മാത്രം ഉപയോഗിക്കുക
- സാധനങ്ങൾ വാങ്ങുവാൻ പോകുമ്പോൾ ആവശ്യത്തിനുള്ള സഞ്ചി, പാത്രങ്ങൾ എന്നിവ കൈയിൽ കരുതുക
- പാക്കിംഗ്രഹിത ഉല്പന്നങ്ങൾ വാങ്ങുക
- അലങ്കാരാവശ്യങ്ങൾക്ക് പ്ലാസ്റ്റിക് ഉല്പന്നങ്ങൾ ഒഴിവാക്കി കടലാസ്, തുണി, സസ്യഭാഗങ്ങൾ എന്നിവ ഉപയോഗിക്കുക
- പ്ലാസ്റ്റിക് കൊണ്ടുള്ള കളിപ്പാട്ടങ്ങൾ, പാൽകുപ്പികൾ, കിടക്ക വിരികൾ തുടങ്ങിയവ ഒഴിവാക്കുക
- പ്ലാസ്റ്റിക് ഉണ്ടാക്കുന്ന ആരോഗ്യ, പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് കൂടുതൽ പഠിക്കാൻ ശ്രമിക്കുക
- പ്രാദേശികമായി ലഭിക്കുന്ന പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങൾക്ക് മുൻഗണന നൽകുക
- വാണിജ്യ കേന്ദ്രങ്ങൾ, കല്യാണമണ്ഡപങ്ങൾ, ഹോട്ടലുകൾ, കാറ്ററിംഗ് യൂണിറ്റുകൾ തുടങ്ങിയവക്ക് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലൈസൻസ് നൽകുമ്പോൾ ഇത്തരം സ്ഥാപനങ്ങൾ ഡിസ്പൊസബിൾ പാത്രങ്ങൾ ഉപയോഗിക്കുകയില്ല എന്ന് ഉറപ്പുവരുത്തുക.



നിങ്ങൾക്ക് ഉപയോഗമില്ലാത്തവ മറ്റുള്ളവർക്ക് ഉപകാരമാകട്ടെ

# ഒരുയുഗം തരൂ മണ്ണിലലിയാൻ



പ്രകൃതിയുടെ അമൂല്യമായ വരദാനമാണ് മണ്ണ്. ജീവജാലങ്ങളുടെ ഈറ്റില്ലം. മാലിന്യങ്ങളുടെ സംസ്കരണശാല. ശുദ്ധജലത്തിന്റെ സംഭരണകേന്ദ്രം. അങ്ങനെ എത്ര എത്ര വിശേഷണങ്ങളാണ് മണ്ണിനെപ്പറ്റി പറയാനുള്ളത്. ഈ മണ്ണ് ഇല്ലായിരുന്നെങ്കിൽ എത്രയധികം മാലിന്യങ്ങളാണ് ഇവിടെ സംസ്കരിക്കപ്പെടാതെ കിടക്കേണ്ടി വരിക? പല മാലിന്യങ്ങളും മണ്ണിൽ ലയിക്കാൻ ഏറെ സമയമെടുക്കും. ഭക്ഷണ അവശിഷ്ടങ്ങൾ മണ്ണിൽ ലയിക്കാൻ 30 ദിവസം മതിയാകും.കടലാസ് ഒരുമാസം കൊണ്ടും, തുണി 5 മാസം കൊണ്ടും മണ്ണോട് ചേരുന്നു, തടി മണ്ണോടു ലയിച്ചു ചേരുന്നതിന് 10 – 15 വർഷമെടുക്കും. അലൂമിനിയത്തിന് 300 വർഷമെങ്കിലും വേണ്ടിവരും. എന്നാൽ 'ചിരംജീവി' എന്നു വിശേഷിപ്പിക്കാവുന്ന, നമ്മുടെ ഇഷ്ട വില്ലൻ പ്ലാസ്റ്റിക്കിന് മണ്ണിൽലയിക്കാൻ ഒരു യുഗം തന്നെ വേണ്ടിവരും. 10 ലക്ഷം വർഷം വേണ്ടിവരുമെന്നാണ് പരിസ്ഥിതിശാസ്രജ്ഞർ പറയുന്നത്. അപ്പോൾ പ്ലാസ്റ്റിക്കിനെ മണ്ണിൽകുഴിച്ചുമൂടി രക്ഷപ്പെടാമെന്ന് ആരും കരുതണ്ട.കത്തിച്ചു കളയാമെന്നു വച്ചാലോ അന്തരീക്ഷമാകെ മാരകമായ വിഷവാതകങ്ങളെക്കൊണ്ട് നിറയും. മനുഷ്യരാശിയുടെസർവ നാശത്തിനായി അവതരിച്ച ഈ കലിയുഗ മൂർത്തിയെ തുരത്തിയോടിക്കാൻ നമുക്ക് ആയുധങ്ങൾ സംഭരിക്കാം. 3R Reduce, Reuse, Recycle എന്ന മൂന്ന് ശക്തമായ ആയുധങ്ങൾ നമുക്ക് പ്രയോഗിച്ചു നോക്കാം. പ്ലാസ്റ്റിക്ക് മുക്തമായ ഒരു നവയുഗത്തിനായി നമുക്ക് പ്രതിജ്ഞയെടുക്കാം.









ഹരിത കേരളം പദ്ധതിയുടെ ഭാഗമായി മലപ്പുറം ജില്ലാ ശുചിത്വ മിഷൻ തയ്യാറാക്കിയ ഗ്രീൻ പ്രോട്ടോക്കോൾ പോസ്റ്റർ ജില്ലാ കളക്ടർ അമിത് മീണയുടെ നേതൃത്വത്തിൽ മലപ്പുറം എം.എസ്. പി. സ്കൂളിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് കളക്ട്രേറ്റിലെ വിവിധ ഓഫീസുകളിൽ പതിക്കുന്നു.

Printed and published by Executive Director, Suchitwa Mission, Swaraj Bhavan,
Base Floor (-1), Nanthancode, Kowdiar PO, Thiruvananthapuram - 695003
**PHONE** 0471 - 2319831, 2312730 **EMAIL** sanitationkerala@gmail.com, iecsuchitwamission@gmail.com **WEBSITE** www.sanitation.kerala.gov.in
**DESIGN** Godfrey's Graphics **PRINTED AT** KBPS, Kakkanad, Kochi